<u>**പതിനാലാം കേരള നിയമസഭ**</u>
<u>**അഞ്ചാം സമ്മേളനം**</u>

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 179** **03.05.2017 ലെ മറുപടിയ്ക്ക്**

<u>**ബാലാവകാശ കമ്മീഷന്റെ പ്രവർത്തനം**</u>

| <u>ചോദ്യം</u> | | <u>മറുപടി</u> | |
|---|---|---|---|
| **ശ്രീ. പി.കെ.ബഷീർ**<br>**ശ്രീ. മഞ്ഞളാംകുഴി അലി**<br>**ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്**<br>**ശ്രീ. പി.കെ.അബ്ദു റബ്ബ്** | | **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** | |
| (എ) | കുട്ടികളുടെ അവകാശ സംരക്ഷണക്കാര്യത്തിൽ സംസ്ഥാന ബാലാവകാശ കമ്മീഷന്റെ പ്രവർത്തനം കൊണ്ട് എന്തൊക്കെ നേട്ടങ്ങൾ കൈവരിച്ചു എന്ന് വ്യക്തമാക്കുമോ; | (എ) | കേരളത്തിലെ വിവിധ ജില്ലകളിലെ ആദിവാസി മേഖലകൾ കമ്മീഷൻ സന്ദർശിക്കുകയും ടി പ്രദേശങ്ങളിൽ ദുരിതമനുഭവിക്കുന്നതും പാർശ്വവൽക്കരിക്കപ്പെട്ടതുമായ ആദിവാസി വിഭാഗം കുട്ടികളുടെ സമഗ്ര വികസനം സാധ്യമാകുന്നതിനും, ഇടുക്കി ജില്ലയിലെ പീരുമേട് തോട്ടം മേഖലയിലെ കുട്ടികളുടെ ക്ഷേമം, സംസ്ഥാനത്ത് ജയിലുകളിൽ കഴിയുന്ന തടവുകാരുടെ കുട്ടികളുടെ അവകാശങ്ങൾ എന്നിവ സംരക്ഷിക്കുന്നതിനുമുള്ള നടപടികൾ കമ്മീഷൻ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പൊതു വിദ്യാഭ്യാസ മേഖലയിൽ ജനറൽ കലണ്ടറിൽ നിന്നും വ്യത്യസ്തമായി കലണ്ടർ സമ്പ്രദായം സ്വീകരിച്ചിരിക്കുന്ന എല്ലാ സ്കൂളുകളെയും ജനറൽ കലണ്ടറിലേയ്ക്ക് മാറ്റുവാനും കുട്ടികളിലെ പ്രതിരോധ കുത്തിവയ്പ്പ് സമ്പൂർണ്ണമാക്കുന്നതിനും എൻഡോസൾഫാൻ ദുരിതബാധിത പ്രദേശങ്ങളിലെ കുട്ടികൾക്ക് ആശ്വാസമേകുന്ന രീതിയിലുള്ള പദ്ധതികൾ ശുപാർശ ചെയ്യുകയും അതിന്റെ ഗുണഫലങ്ങൾ കുട്ടികൾക്ക് അനുഭവയോഗ്യമാക്കിയിട്ടുമുണ്ട്. കുട്ടികളുടെ സ്കൂൾ ബാഗുകളുടെ അമിതഭാരം കുറയ്ക്കുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള ശുപാർശകൾ നടപ്പിലാക്കിയിട്ടുണ്ട്. ഭിന്നശേഷിക്കാരായ കുട്ടികളുടെ ക്ഷേമത്തിന് ഉതകുന്ന നിർദ്ദേശങ്ങളും കുട്ടികളെ ഘോഷയാത്രകളിലും മറ്റും പങ്കെടുപ്പിക്കുന്നതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിക്കൊണ്ടുള്ള കമ്മീഷന്റെ ഉത്തരവും കുട്ടികൾക്ക് ഏറെ ആശ്വാസപ്രദമായിട്ടുണ്ട്. കുട്ടികൾക്കെതിരെയുള്ള ലൈംഗിക കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള പോക്സോ ആക്ട് 2012 പ്രകാരമുള്ള കുറ്റകൃത്യങ്ങളുടെ വിചാരണ ത്വരിതപ്പെടുത്തുന്നതിനായി ജില്ലാ സെഷൻസ് കോടതികളെ പോക്സോ കോടതികളായി നാമനിർദ്ദേശം ചെയ്യാൻ കമ്മീഷൻ ശുപാർശ ചെയ്യുകയും സർക്കാർ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ലൈംഗിക കുറ്റകൃത്യങ്ങൾക്ക് ഇരയാകുന്ന കുട്ടികൾക്ക് കേരള വിക്ടിം കോമ്പൻസേഷൻ സ്കീമിൽ നിന്നും നഷ്ടപരിഹാരം |

| | | | |
|---|---|---|---|
| | | | നൽകുന്നതിനായി പ്രസ്തുത സ്കീമിൽ ആവശ്യമായ തുക വകയിരുത്തുന്നതിന് കമ്മീഷൻ ശുപാർശ പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ട്. ചെറിയ കുട്ടികളെ ആപൽക്കരവും സാഹസികവുമായ സ്പോർട്സ് മത്സരങ്ങളിൽ ഏർപ്പെടുത്തരുതെന്ന് കമ്മീഷൻ ശുപാർശ ചെയ്യുകയും അതിനനുസൃതമായ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ ബാലാവകാശ ലംഘനവും നിഷേധവും നടക്കുന്ന പ്രശ്നങ്ങളിൽ കമ്മീഷൻ സ്വമേധയായും അല്ലാതെയും ഇടപെടുകയും ആർക്കും ഭയരഹിതമായി സമീപിക്കാൻ കഴിയുന്ന തരത്തിൽ പ്രവർത്തനം കാഴ്ചവയ്ക്കുകയും ചെയ്യുന്നുണ്ട്. |
| (ബി) | എല്ലാ അംഗങ്ങളെയും ഉൾപെടുത്തി കമ്മീഷൻ പൂർണ്ണമായ തോതിൽ ആയിട്ടുണ്ടോ; എങ്കിൽ തദനുസരണമായി കമ്മീഷന്റെ പ്രവർത്തനത്തിൽ മെച്ചമുണ്ടായിട്ടുണ്ടോ; | (ബി) | ഉണ്ട്. ചെയർപേഴ്സണും ആറ് അംഗങ്ങളും അടങ്ങുന്നതാണ് കമ്മീഷൻ. നിലവിലുള്ള ആറ് അംഗങ്ങളുടെ പ്രവർത്തന കാലാവധി അവസാനിച്ചതിനാൽ പുതിയ അംഗങ്ങളെ 29.04.2017 ലെ സ.ഉ (പി) നം.6/2017/SJD ഉത്തരവ് പ്രകാരം നിയമിച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തെ കുട്ടികൾ വിവിധതരത്തിലുള്ള പീഡനങ്ങൾക്കിരയാകുന്ന സംഭവങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അതിന്റെ കാരണങ്ങൾ പഠിച്ച് പരിഹാര നടപടികൾ സ്വീകരിക്കുന്ന കാര്യത്തിൽ കമ്മീഷന്റെ സംഭാവന എത്രത്തോളമാണെന്ന് വിലയിരുത്തുമോ? | (സി) | അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

## അനുബന്ധം

**സി)** കുട്ടികൾക്കെതിരെയുള്ള ലൈംഗിക കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള ആക്ട്, 2012 (പോക്സോ ആക്ട്)ലെ വ്യവസ്ഥകൾ സംസ്ഥാനത്ത് നടപ്പാക്കുന്നത് നിരീക്ഷിക്കുന്നത് സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷനാണ്. ഇതുമായി ബന്ധപ്പെട്ട് സുപ്രധാന കർത്തവ്യ വാഹകരായ പോലീസ്, ചൈൽഡ് വെൽഫയർ കമ്മിറ്റികൾ, കേസുകൾ വിചാരണ ചെയ്യുന്നതിനുള്ള പ്രത്യേക കോടതികൾ എന്നിവയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച കാര്യങ്ങൾ അവിടങ്ങളിൽ നിന്നും സ്ഥിതി വിവര കണക്കുകൾ ശേഖരിച്ച് കമ്മീഷൻ പഠിക്കുകയും അതിന്റെയടിസ്ഥാനത്തിൽ ആവശ്യമായ ശുപാർശകൾ മേൽപ്പറഞ്ഞ കർത്തവ്യ വാഹകർക്കും സർക്കാരിനും കമ്മീഷൻ നൽകി വരുന്നു. ഇതിനു പുറമെ പോക്സോ കേസുകളുടെ വിചാരണയിൽ പ്രത്യേക കോടതികൾ പാലിക്കേണ്ട സമയക്രമം, തീർപ്പാക്കിയ കേസുകളുടെ എണ്ണം, കുറ്റകൃത്യത്തിനിരയാകുന്ന കുട്ടികൾക്ക് അനുവദിക്കേണ്ട നഷ്ടപരിഹാരം തുടങ്ങിയവ സംബന്ധിച്ച കാര്യങ്ങൾ വിലയിരുത്തി ഉചിതമായ നടപടികൾക്കായി സമഗ്രമായ നിർദ്ദേശങ്ങൾ ബഹു. ഹൈക്കോടതിയ്ക്കും സമർപ്പിക്കുന്ന സമ്പ്രദായം കമ്മീഷൻ അവലംബിച്ചിട്ടുണ്ട്.

പോക്സോ കേസുകളുമായി ബന്ധപ്പെട്ട സ്ഥിതിവിവര കണക്കുകൾ അപഗ്രഥിച്ചതിന്റെ അടിസ്ഥാനത്തിൽ കുറ്റകൃത്യങ്ങളുടെ തോത് വർദ്ധിച്ചുവരുന്നതായി കമ്മീഷന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. കുറ്റകൃത്യങ്ങളിൽ ഏറിയ പങ്കും കുട്ടികളുടെ അടുത്ത ബന്ധുക്കളോ അയൽക്കാരോമൂലമാണെന്നും സ്വന്തം ഭവനങ്ങളിൽ നിന്നുപോലും കുട്ടികൾ വളരെയധികം ഭീഷണി നേരിടുന്നുണ്ടെന്നും വെളിവായിട്ടുണ്ട്. അദ്ധ്യാപകർ, അപരിചിതർ, സ്നേഹം നടിച്ച് കുട്ടികളെ പാട്ടിലാക്കുന്ന കമിതാക്കൾ, സ്കൂൾ വാൻ/ബസ് ഡ്രൈവർമാർ തുടങ്ങിയവരൊക്കെ പോക്സോ കേസുകളിൽ പ്രതികളായുണ്ട്. ഇത്തരം കുറ്റകൃത്യങ്ങൾ തടയുന്നതിനും കുട്ടികൾക്ക് മതിയായ സംരക്ഷണം നൽകുന്നതിനും പോലീസ്, ചൈൽഡ് വെൽഫയർ കമ്മിറ്റികൾ എന്നിവയ്ക്കു പുറമെ അയൽക്കൂട്ടം, ജാഗ്രതാ സമിതികൾ തുടങ്ങിയവയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തണമെന്നും ലൈംഗിക കുറ്റകൃത്യങ്ങൾക്കിരയായതോ അത്തരത്തിൽ ഉപദ്രവങ്ങൾ അഭിമുഖീകരിക്കുന്നതോ ഉണ്ടാകുവാൻ ഇടയുള്ളതോ ആയ കുട്ടികളെ യഥാസമയം കണ്ടെത്തി അവർക്ക് ആവശ്യമായ ആത്മവിശ്വാസവും ധൈര്യവും പകരുന്നതിനും പോലീസിൽ വിവരം റിപ്പോർട്ട് ചെയ്യുന്നതുൾപ്പെടെയുള്ള എല്ലാവിധ സഹായ സഹകരണങ്ങളും നൽകുന്നതിനുള്ള മുൻനിര കർത്തവ്യ വാഹകരാക്കി സ്കൂളുകളിലെ അദ്ധ്യാപകരെ മാറ്റിത്തീർക്കുന്നതിനുള്ള നടപടികൾക്ക് പുറമെ എല്ലാ സ്കൂളുകളിലും കൗൺസിലർമാരെ ഏർപ്പെടുത്തിയും സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് തുടങ്ങിയ സംവിധാനങ്ങൾ ശക്തിപ്പെടുത്തിയും കുട്ടികളിൽ ആത്മവിശ്വാസം ഉണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞ തരത്തിൽ കുട്ടികൾക്കെതിരെയുള്ള ലൈംഗിക കുറ്റകൃത്യങ്ങൾ തടയുന്നതിന് ഫലപ്രദമായ നടപടികൾക്കുള്ള നിർദ്ദേശങ്ങളാണ് കമ്മീഷൻ മുന്നോട്ടു വച്ചിട്ടുള്ളത്. ഇതിനു പുറമെ പോക്സോ ആക്ട് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട സുപ്രധാന കർത്തവ്യ വാഹകരായ പ്രത്യേക കോടതികളിലെ ജഡ്ജിമാർ, ജുവനൈൽ ജസ്റ്റീസ് ബോർഡുകളിലെ പ്രിൻസിപ്പൽ മജിസ്ട്രേട്ടുമാർ, അംഗങ്ങൾ എന്നിവർക്ക് കേരള ഹൈക്കോടതിയുടെയും കേരള ജുഡീഷ്യൽ അക്കാദമിയുടെയും സഹകരണത്തോടെ പ്രത്യേക പഠനശിബിരം, പോക്സോ കേസുകളുമായി ബന്ധപ്പെട്ട് ഫോറൻസിക് തെളിവ് ശേഖരിക്കുന്ന കാര്യത്തിൽ ആരോഗ്യ വകുപ്പുമായി (NHM) ചേർന്ന് ഗൈനക്കോളജിസ്റ്റുമാരെ ബോധവൽക്കരിക്കുന്നതിനും തെളിവ് ശേഖരിക്കുന്നതിനായി തയ്യാറാക്കിയ സേഫ് കിറ്റ് (Sexual Assault Forensic Evidence-SAFE) ഉപയോഗിക്കുന്ന കാര്യത്തിൽ ഡോക്ടർമാർക്ക് പരിശീലനം നൽകുന്നതിനും കമ്മീഷൻ മുൻകൈയെടുത്തിരുന്നു. പോക്സോ ആക്ടുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ സംബന്ധിച്ച് പോലീസുദ്യോഗസ്ഥരിൽ അവബോധം സൃഷ്ടിക്കുന്നതിനായി ഒരു കൈപ്പുസ്തകം കമ്മീഷൻ തയ്യാറാക്കുകയും അത് അവർക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ പോക്സോ നിയമം സംബന്ധിച്ച് അദ്ധ്യാപകരിൽ അവബോധം സൃഷ്ടിക്കുന്നതിനായി ഒരു ട്രെയിനിംഗ് മോഡ്യൂൾ കമ്മീഷൻ തയ്യാറാക്കി സീമാറ്റിന് (State Institute of Educational Management and Training-SIEMAT) നൽകിയിട്ടുണ്ട്. ഇത്തരം നടപടികളിലൂടെ കുട്ടകൾക്കെതിരെ വർദ്ധിച്ചുവരുന്ന ലൈംഗിക കുറ്റകൃത്യങ്ങൾ ശക്തമായി നേരിടുന്നതിനും കുറ്റവാളികൾക്ക് ശിക്ഷ ഉറപ്പാക്കുന്നതിനുതകുന്ന നടപടികളാണ് കമ്മീഷൻ സ്വീകരിച്ചിട്ടുള്ളത്.

സെക്ഷൻ ഓഫീസർ.